**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **23-01-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമിക സാന്ത്വന പരിചരണവും സെക്കൻഡറിതല സാന്ത്വന പരിചരണവും നൽകിക്കൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ/ സബ് ജില്ലാ തലങ്ങളിൽ മാത്രം നൽകിവന്നിരുന്ന ഫിസിയോതെറാപ്പി സേവനങ്ങൾ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചതാണ് അവയിൽ ഏറ്റവും പ്രധാനം. ഇതിനായി സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോതെറാപ്പിസ്റ്റിനെ ദേശീയ ആരോഗ്യ ദൗത്യം മുഖേന നിയമിക്കുകയുണ്ടായി. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റ് സജ്ജീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും മറ്റ് സാമഗ്രികളും എല്ലാ സാമൂഹിക ആരോഗ്യം കേന്ദ്രങ്ങളിലും നൽകിയിട്ടുണ്ട്. ആഴ്ചയിൽ മൂന്ന് ദിവസം സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ വച്ചും 3 ദിവസം ഗൃഹസന്ദർശനത്തിലൂടെയും ആണ് ഫിസിയോതെറാപ്പി സേവനം നൽകിവരുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്തിൽ പ്രാഥമികതലത്തിലും ഗൃഹ സന്ദർശനത്തിലൂടെയും ഫിസിയോതെറാപ്പി സേവനം നൽകി വരുന്നത്. ഇതിനുപുറമേ സാന്ത്വന പരിചരണത്തിനും വയോജന ആരോഗ്യ പരിപാലനത്തിനുമായി ഒരു സ്റ്റാഫ് നേഴ്സിനെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലേക്കും കരാർ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന നിയമിച്ചിട്ടുണ്ട്. അത്തരത്തിൽ സാന്ത്വന പരിചരണത്തിന് മാത്രമായി ഒരു പ്രത്യേക യൂണിറ്റ് എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു. കൂടാതെ പരിശീലനം ലഭിച്ച ഡോക്ടർമാർ ഉള്ള |

| | | | |
|---|---|---|---|
| | | | സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ മോർഫിൻ യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ പാലിയേറ്റീവ് കെയർ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരം ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭങ്ങളെയും സന്നദ്ധ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെയും ഏകോപിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ പ്രദേശങ്ങളിലെയും സ്വകാര്യ പാലിയേറ്റീവ് കെയർ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുള്ള പരിശീലന മോഡ്യൂളുകൾ ഏകീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള അടിസ്ഥാന പരിശീലനം എല്ലാ മേഖലയിലുമുള്ള പാലിയേറ്റീവ് കെയർ ജീവനക്കാർ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെട്ട പാലിയേറ്റീവ് കെയർ സംരംഭകരുമായി സഹകരണത്തിൽ ഏർപ്പെടുന്നതിനും സംയുക്തമായി സേവനങ്ങൾ നടത്തുന്നതിനും പുതിയ നയപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാലിയേറ്റീവ് കെയർ രംഗത്ത് വർദ്ധിച്ചുവരുന്ന പണമിടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചാൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ